**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1985** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരും ഈ സർക്കാരും ഐ.ടി. മേഖലയിൽ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | *കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ അനിവാര്യഘടകമാണ് ഐ.ടി. മേഖലയിലെ വികസനം. ഇതിനാവശ്യമായ എല്ലാ പിന്തുണയും പ്രോത്സാഹനവും സർക്കാരിന്റെ ഭാഗത്തുനിന്നും നൽകി വരുന്നു. കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയിലൂടെയും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിലൂടെയും ഈ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നു.<br><br>*ദേശീയ അന്തർദേശീയ തലത്തിൽ ഉണ്ടാകുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാനും സർക്കാർ പരിശ്രമിക്കുകയാണ്. 5 വർഷത്തിനകം ആഗോളതലത്തിൽ വീട്ടിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ആഗോള ഡിജിറ്റൽ മേഖലയിൽ വന്നിട്ടുള്ള ഈ ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നു.<br><br>*തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യർക്ക് അത്യന്താധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം യുദ്ധകാലാടിസ്ഥാനത്തിൽ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു.<br><br>*ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി മാറാനും സംസ്ഥാനത്തിന് കഴിഞ്ഞു. എല്ലാവർക്കും ഇന്റർനെറ്റ് സൗകര്യം |

ഉറപ്പുവരുത്തുന്നതിന് പൊതു മേഖലയിൽ ആരംഭിച്ച കെ-ഫോൺ ലോകത്തിന് ആകെത്തന്നെ മാതൃകയാകുന്ന ഒന്നായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു.

*ഇ-ഗവേണൻസ് പദ്ധതി സാർവ്വത്രികമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

*കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബായി തിരുവനന്തപുരത്തെ ഉയർത്തുന്നതിനും ലക്ഷ്യം വയ്ക്കുന്നു. സംസ്ഥാനത്ത് തിരുവനന്തപുരം ആസ്ഥാനമായി ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ട്.

* 4-വരിപ്പാതയായി വികസിപ്പിക്കുന്ന ദേശീയപാത 66-ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നാല് ഇടനാഴികളും സംസ്ഥാനത്തെ നിലവിലുള്ള ഐ.ടി. കേന്ദ്രങ്ങളിൽ നിന്ന് ഉത്ഭവിക്കും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ നിന്ന് കൊല്ലത്തേക്ക് എറണാകുളത്ത് നിന്ന് കൊരട്ടിയിലേക്ക്, എറണാകുളത്ത് നിന്ന് ചേർത്തലയിലേക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം നിർമ്മിക്കും. ടെക്നോപാർക്ക് ഫേസ് III എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 14-25 ഏക്കർ ഭൂമി പൊന്നും വിലയ്ക്ക് വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കും. നിർദ്ദിഷ്ട ഐ.ടി. ഇടനാഴികളിലാണ് 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി കേരളത്തിന്റെ ഐ.ടി. മാനവ വിഭവശേഷി പരമാവധി സംസ്ഥാനത്ത് തന്നെ വിനിയോഗിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 2 ലക്ഷം തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കാലയളവിൽ ആരംഭിച്ച ഐ.ടി. പാർക്കുകളുടെ എണ്ണവും ഐ.ടി. മേഖലയിൽ തൊഴിൽ ലഭിച്ച അഭ്യസ്തവിദ്യരുടെ എണ്ണവും ലഭ്യമാക്കുമോ; | (ബി) | ഐ.ടി വ്യവസായ രംഗത്തെ ലോകോത്തര കമ്പനികളുൾപ്പെടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്ന രീതിയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളും വ്യവസായ അന്തരീക്ഷവും 3 ഐ.ടി. പാർക്കുകളിലും സൃഷ്ടിക്കുവാൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി പാർക്കുകളിലേക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ SEZ/NON-SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് തിരുവനന്തപുരം ടെക്നോപാർക്കിൽ 20.9 ലക്ഷം ച.അടിയും, കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ച.അടിയും, കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച.അടിയുൾപ്പെടെ മൊത്തം 46.4 ലക്ഷം ലക്ഷം ച.അടി ഐ.ടി. സ്പെയിസുകൾ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ടെക്നോപാർക്കിൽ 2015-16 കാലയളവിലുണ്ടായിരുന്ന ഏകദ്ദേശം 50000 തൊഴിലവസരം വർദ്ധിപ്പിച്ച് 2022 ജൂൺ കാലയളവ് വരെ ഏകദ്ദേശം 65500 ആയി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട് . ഇതേ കാലയളവിൽ കൊച്ചി ഇൻഫോപാർക്കിൽ ഉണ്ടായിരുന്ന ഏകദേശം 32800തൊഴിലവസരം ഏകദേശം62500 ആയും കോഴിക്കോട് സൈബർപാർക്കിൽ ഉണ്ടായിരുന്ന ഏകദേശം 65തൊഴിലവസരം ഏകദേശം 1300ആയും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട് . |
| (സി) | ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവയുടെ വികസനത്തിനായി മുൻ സർക്കാരും ഈ സർക്കാരും നടത്തിയ പ്രധാന പ്രവർത്തനങ്ങളും അതുവഴിയുണ്ടാക്കിയ തൊഴിലവസരങ്ങളും വ്യക്തമാക്കുമോ? | (സി) | ഐ.ടി വ്യവസായ രംഗത്തെ ലോകോത്തര കമ്പനികളുൾപ്പെടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്ന രീതിയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളും വ്യവസായ അന്തരീക്ഷവും 3 ഐ.ടി. പാർക്കുകളിലും സൃഷ്ടിക്കുവാൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി പാർക്കുകളിലേക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ SEZ/NON-SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് തിരുവനന്തപുരം |

| | | | |
|---|---|---|---|
| | | | ടെക്നോപാർക്കിൽ 20.9 ലക്ഷം ച.അടിയും, കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ച.അടിയും, കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച.അടിയുൾപ്പെടെ മൊത്തം 46.4 ലക്ഷം ലക്ഷം ച.അടി ഐ.ടി. സ്പെയിസുകൾ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ടെക്നോപാർക്കിൽ 2015-16 കാലയളവിലുണ്ടായിരുന്ന ഏകദ്ദേശം 50000 തൊഴിലവസരം വർദ്ധിപ്പിച്ച് 2022 ജൂൺ കാലയളവ് വരെ ഏകദ്ദേശം 65500 ആയി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട് . ഇതേ കാലയളവിൽ കൊച്ചി ഇൻഫോപാർക്കിൽ ഉണ്ടായിരുന്ന ഏകദേശം 32800തൊഴിലവസരം ഏകദേശം62500 ആയും കോഴിക്കോട് സൈബർപാർക്കിൽ ഉണ്ടായിരുന്ന ഏകദേശം 65തൊഴിലവസരം ഏകദേശം 1300ആയും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ